പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *138 04.12.2018-ലെ മറുപടിക്ക്

## ഇലക്ട്രിക് ബസ് സർവ്വീസുകൾ

ചോദ്യം

ശ്രീ. പി.കെ.ബഷീർ

" വി.കെ.ഇബ്രാഹിം കുഞ്ഞ്

" എം.ഉമ്മർ

ഡോ. എം. കെ. മുനീർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇലക്ട്രിക് ബസ് സർവ്വീസുകൾ ലാഭകരമാണോ എന്ന് കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കൂടുതൽ ഇലക്ട്രിക് ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ പത്ത് ഇലക്ട്രിക് ബസുകൾ ലഭ്യമാക്കി വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനും നിലവിലെ ബസുകൾ ഇലക്ട്രിക് ബസുകളായി കൺവേർട്ട് ചെയ്യുന്നതിന്റെ സാധ്യതയും പരിശോധിച്ചു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 10 ഇലക്ട്രിക് ബസുകൾ (9 മീറ്റർ നീളം) നിരത്തിലിറക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-ടെണ്ടർ ക്ഷണിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി 5 ബസുകൾ ലഭ്യമാക്കിയത് വിജയകരമായി പമ്പ-നിലയ്ക്കൽ റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തിവരുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആദ്യമായി കേരളത്തിലാണ് റെഗുലർ സർവ്വീസായി ഇലക്ട്രിക് ബസുകൾ ഓടിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**